**No. 88/Est/2017**

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-5068/17/സിഇ/തസ്വഭവ തീയതി : 18.07.2017

# സർക്കുലർ

വിഷയം:- തസ്വഭവ - Sulekha Software-ൽ പുതുതായി നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന:-
1) സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം. 72/2017/തസ്വഭവ തീയതി 29.03.2017
2) സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം. 79/2017/തസ്വഭവ തീയതി 03.04.2017
3) 07.06.2017-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മിനുട്ട്സ്
4) ഐ.കെ.എം-ൽ നിന്നുള്ള 18.07.2017-ലെ ഇ-മെയിൽ സന്ദേശം

സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ജില്ല / ബ്ലോക്ക്പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ അല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ മാനദണ്ഡപ്രകാരമുള്ള സാമ്പത്തിക പരിധി അനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥരാക്കുവാൻ തീരുമാനിച്ചിട്ടുള്ളതും, ആയതിനുള്ള ക്രമീകരണം Sulekha Software-ൽ വരുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ഇപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥരെ പുതുതായി നിശ്ചയിക്കുന്നതിന് Sulekha Software-ൽ DDO Code നിർബന്ധമാക്കിയിട്ടുള്ളതാണ്. ആയതിനാൽ DDO Code ലഭ്യമല്ലാത്തത് കാരണം ടി ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കുവാൻ സാധിക്കുന്നില്ല എന്ന് പല എഞ്ചിനീയർമാരും ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. DDO Code ലഭ്യമാകുവാൻ കാലതാമസം ഉണ്ടെന്നതിനാൽ ടി വിഷയം IKM-യുമായി ചർച്ച ചെയ്യുകയുണ്ടായി. സൂചന (4) പ്രകാരം DDO Code-ന് പകരമായി 10 digit Dummy Code ഉപയോഗിക്കാമെന്നും, DDO Code ലഭ്യമാകുന്ന മുറയ്ക്ക് ആയത് edit ചെയ്യേണ്ടതാണെന്നും IKM അറിയിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി / ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച രീതിയിൽ, Sulekha Software-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ ആക്കുന്നതിനുള്ള നടപടികൾ അടിയന്തിര മായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

for ചീഫ് എൻജിനീയർ

P 1236